# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733370

**വാർത്താക്കുറിപ്പ്**

**2023 ഡിസംബർ 23**

---

## അനിമൽ അറ്റൻഡർ; വാക്-ഇൻ ഇൻററർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൻറെ അനിമൽ ഹൗസിൽ അനിമൽ അറ്റൻഡർ തസ്തികയിലേക്ക് താല്കാലിക നിയമനത്തിന് വാക്ക്-ഇൻ ഇൻറർവ്യൂ നടത്തുന്നു. 560 രൂപ വേതനത്തിൽ 179 ദിവസത്തേക്കാണ് നിയമനം.

പത്താം ക്ലാസ് യോഗ്യതയും ലബോറട്ടറി അനിമൽ പരിചരണവുമായി ബന്ധപ്പെട്ട് രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് പങ്കെടുക്കാം.

താല്പര്യമുള്ളവർ ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഡിസംബർ 27ന് ഉച്ചയ്ക്ക് ഒരു മണിക്ക് അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം) മുൻപാകെ ഹാജരാകണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ: 0481 2733240.

(പി.ആർ.ഒ/39/1468/2023)

## ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ് തസ്തികകളിൽ താല്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.
ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ പൊതുവിഭാഗത്തിൽ ഒരൊഴിവാണുള്ളത്. ബി.ടെക് ഫുഡ് പ്രോസസ്സിംഗ്, എം.എസ്.സി ഫുഡ് സയൻസ് ആൻറ് ക്വാളിറ്റി കൺട്രോൾ, എം.എസ്.സി ഫുഡ് ആൻറ് ന്യൂട്രീഷൻ എന്നിവയിൽ എതെങ്കിലും ആണ് അടിസ്ഥാന യോഗ്യത. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 25000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 36 വയസ് കവിയരുത്(സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും).

ലാബ് അസിസ്റ്റൻറ് തസ്തികയിൽ ഈഴവ/ബില്ലവ/തിയ്യ വിഭാഗത്തിലുള്ള ഒരൊഴിവിലേക്ക് കെമിസ്ട്രിയിലോ ലൈഫ് സയൻസിലോ ബി.എസ്.സി ബിരുദമാണ്

അടിസ്ഥാന യോഗ്യത. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 15000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 36 വയസ് കവിയരുത്(സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും).

താൽപര്യമുള്ളവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, അധികയോഗ്യത എന്നിവയുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജനുവരി ആറിനകം ada5@mgu.ac.in എന്ന ഇമെയിലിലോ രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ അയക്കണം.  കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1469/2023)

## പരീക്ഷാ ടൈംടേബിൾ

ഒന്നാം സെമസ്റ്റർ എം.എൽഐബി.ഐ.എസ്സി(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയിൽ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി.  വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1470/2023)

## പരീക്ഷാ കേന്ദ്രം

ജനുവരി അഞ്ചിന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ, എ.എസ്.സി, എം.കോം(2001,2002,2003 റഗുലർ ബാച്ച്, 2002,2003 പ്രൈവറ്റ് രജിസ്ട്രേഷൻ സ്പെഷ്യൽ മെഴ്സി ചാൻസ് - 2018) പരീക്ഷകൾക്ക് പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/1471/2023)

## പ്രാക്ടിക്കൽ

ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3(2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി മൂന്ന്, നാല് തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/1472/2023)

## പരീക്ഷാ ഫലം

ജൂണിൽ നടത്തിയ എം.ബി.എ രണ്ടാം സെമസ്റ്റർ(റഗുലറും റീഅപ്പിയറൻസും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.........................

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ(പ്രൈവറ്റ് രജിസ്ട്രേഷൻ - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ സപ്ലിമെൻററി - മെയ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.........................

നാലാം സെമസ്റ്റർ ബി.വോക് (വിവിധ പ്രോഗ്രാമുകൾ 2021 അഡ്മിഷൻ-ന്യൂ സ്കീം റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ് 2023 മെയ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി എട്ടുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.........................

നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), (2015-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2013-2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ജനുവരി ആറു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1473/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**